
# കുട്ടൻകുളങ്ങര ശ്രീ മഹാവിഷ്ണുക്ഷേത്രം : അൽപം ചരിത്രം

തൃശൂർ പട്ടണത്തിൻെറ വടക്കുപടിഞ്ഞാറോട്ട് മാറി ഗ്രാമാന്തരീക്ഷത്തിൻെറ ഭംഗിയിൽ നിറഞ്ഞുനിൽക്കുന്ന കുട്ടൻകുളങ്ങര ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിന് ഏകദേശം 600 വഷത്തിനുമേൽ പഴക്കമുണ്ടെന്നാണ് രേഖകൾ പറയുന്നത്.



കുട്ടൻകുളങ്ങര ക്ഷേത്രം 1972ൽ

ടിപ്പുവിൻെറ പടയോട്ട കാലത്താണെന്ന് പറയുന്നു മറ്റു നിരവധി ക്ഷേത്രങ്ങൾക്ക് വന്ന ദുർഗതി ഈ ക്ഷേത്രത്തേയും പിടികൂടി. ക്ഷേത്രം നാശോന്മുഖമായിതീർന്നു. അതിൻെറ ഫലമോ ഒരു മൺകൂനയും പൊട്ടിപൊളിഞ്ഞ ഒരു കൊക്കർണിയും കാടുംപടലുമായി ക്ഷേത്രം നിന്നിരുന്ന സ്ഥലം മാറി. കാലത്തിൻെറ ഗതികൾമാറി. ക്ഷേത്രപരിസരം ദാരിദ്ര്യവും കഷ്ടതയും കൊണ്ട് നിറഞ്ഞു.

അയ്യന്തോൾ പടിഞ്ഞാറ്റേടത്ത് ചേറമ്പറ്റ് മന, ഐശ്വര്യത്തിൻെറയും, പ്രതാപത്തിൻെറയും നെറുകയിൽ നിൽക്കുന്ന കാലം - പടിഞ്ഞാറ്റേടത്ത് നമ്പൂതിരിപ്പാടിന് കുട്ടികളില്ലാത്ത ദുഃഖം. വഴിപാടുകൾ ഏറെ ചെയ്തിട്ടും ഫലപ്രാപ്തികിട്ടാതെ മനയ്ക്കൽ അഷ്ടമംഗല്യ പ്രശ്നംവെച്ച് നോക്കിയതിൽ, മനയുടെ വടക്കുകിഴക്കുഭാഗത്ത് പണ്ട് മനവക ഒരു വിഷ്ണു ക്ഷേത്രമുണ്ടായിരുന്നുവെന്നും ഇപ്പോഴത് നശിച്ച് കിടക്കുകയാണെന്നും സന്താനഗോപാലമൂർത്തിയാണ് പ്രതിഷ്ഠയെന്നും, ആ സ്ഥലം തേടിപ്പിടിച്ച് ക്ഷേത്രം പുനരുദ്ധരിച്ചാൽ മാത്രമേ മനക്കൽ പുത്രലബ്ധിയുണ്ടാകു

> കുളം വൃത്തിയാക്കിയെടുക്കുന്നതിനിടയിൽ അതിമനോഹരമായ വിഷ്ണുവിഗ്രഹം കണ്ടുകിട്ടി.

എന്നുമായിരുന്നു തെളിഞ്ഞുകണ്ടത്. അധികം താമസമുണ്ടായില്ല - അന്വേഷണത്തിനിടയിൽ പൂങ്കുന്നത്ത് മൊട്ടകുന്നായി കിടക്കുന്ന പ്രദേശവും, കുളവും, കിണറും ശ്രദ്ധയിൽപ്പെട്ടു. ക്ഷേത്രത്തിൻെറ അവശിഷ്ടവും കണ്ടെത്തി. ഈ പ്രദേശവും, ക്ഷേത്രവും പടിഞ്ഞാറ്റേടത്ത് മനവക ആയിരുന്നുവെന്ന് അന്വേഷണത്തിൽ അറിഞ്ഞു. കുളം വൃത്തിയാക്കിയെടുക്കുന്നതിനിടയിൽ അതിമനോഹരമായ വിഷ്ണുവിഗ്രഹം കണ്ടുകിട്ടി. ചെറിയൊരു ക്ഷേത്രം പണിതു ശുഭ മുഹൂർത്തത്തിൽ പ്രതിഷ്ഠ നടത്തി. നിത്യനിദാനങ്ങൾ തുടങ്ങുകയും ചെയ്തു - നാടിന് ഉണർവുമായി. മനക്കൽ ഉണ്ണിയുണ്ടായി, സർവ്വൈശ്വര്യവും മനയിൽ കളിയാടി. അന്ന് മുതൽ മനവക പൂജയും, ആണ്ടിലൊരിക്കൽ ഉത്സവവും മുടങ്ങാതെ നടന്നു തുടങ്ങി.

പടിഞ്ഞാറ്റേടത്ത് വാസുദേവൻ നമ്പൂതിരിപ്പാടിൻെറ കാലം - കാച്ചാംകുറിച്ചിക്ഷേത്രവും ഈ മനവകയായിരുന്നു. കാച്ചാംകുറിച്ചി ക്ഷേത്രവും, കുട്ടൻകുളങ്ങര ക്ഷേത്രവും തമ്മിൽ അത്രയേറെ അടുപ്പമുണ്ടായിരുന്നു. വാസുദേവൻ നമ്പൂതിരിപ്പാട് മരിക്കുന്നതുവരെ കാച്ചാംകുറിച്ചി ക്ഷേത്രത്തിൻെറ ട്രസ്റ്റിമാരിൽ ഒരാളായിരുന്നു. കാലത്തിൽ വന്ന മാറ്റങ്ങളിൽ, മാറി വന്ന ഭൂപരിഷ്കരണ നിയമം പടിഞ്ഞാറ്റേടത്ത് മനയേയും തളർത്തി. അതോടെ ക്ഷേത്രത്തിനും നാഥനില്ലാതായി. നാട്ടുകാരുടെ ശ്രദ്ധയും ഉണ്ടായില്ല. ഈ പ്രദേശത്തെ ജനങ്ങളുടെ അന്നമാർഗ്ഗമായിരുന്ന സീതാറാംമിൽ 1959ൽ അഗ്നിക്കിരയായി നശിച്ചു. അമ്പലപരിസരം ദുരിതങ്ങളുടെ കൂത്തരങ്ങായി. പട്ടിണിയും രോഗവും കൊണ്ട് നാട്ടുകാർ കഷ്ടപ്പെട്ടു.

ക്രമേണ നാട്ടുകാർ മകരമാസത്തിലെ തിരുവോണം നാളിൽ നിറമാലയും, വിളക്കും മറ്റുമായി ഒരു ദിവസത്തിൽ ഒതുങ്ങുന്ന ആഘോഷം നടത്തിതുടങ്ങി.

ഒടുവിൽ 1970-ൽ പ്രായഭേദ വ്യത്യാസമില്ലാതെ നാട്ടുകാർ ഒത്തുചേർന്നു തിരുവോണം നാളിൽ എഴുന്നള്ളിപ്പും മറ്റും കഴിച്ചാലോ എന്ന് ആലോചനയായി. അപ്പോൾ ക്ഷേത്രത്തിനോട് ബന്ധമുള്ള പഴമക്കാർ 35 വഷം മുമ്പുവരെ ഇവിടെ ഗംഭീരമായി ഉത്സവം നടക്കാറുണ്ടെന്നും, അയ്യന്തോൾ പടിഞ്ഞാറ്റേടത്ത് മനവകയായാണ് നടത്താറുള്ളതെന്നും, അന്ന് അയ്യന്തോൾക്കാർ വന്നാണ് എല്ലാം നടത്തുക പതിവെന്നും പറഞ്ഞു. അതുകൊണ്ട് മുടങ്ങികിടക്കുന്ന ഉത്സവം പുനർജീവിപ്പിക്കുകയാണ് യഥാർത്ഥത്തിൽ വേണ്ടതെന്നും മനസ്സിലായി. തെല്ലൊരു ഭയത്തോടും, ആശങ്കയോടുംകൂടി നാട്ടുകാരെല്ലാം ക്ഷേത്രപരിസരത്ത് ഒത്തുകൂടി. ഓഫീസോ, കല്യാണമണ്ഡപമോ, നടപ്പുരപോലും ഇല്ലാതിരുന്ന അന്ന് ക്ഷേത്രമുറ്റത്ത് കൂടിയ യോഗത്തിൽ 8 ദിവസത്തെ ഉത്സവം പുനരാരംഭിക്കുവാനും, പള്ളിവേട്ട 3 ആനയോടുകൂടി പൂങ്കുന്നം ശിവക്ഷേത്രമൈതാനിയിൽ നിന്ന് പുറപ്പെടുവാനും, ആഘോഷ പരിപാടികളിൽ കൂടി ക്ഷേത്രം പുറത്ത് പ്രസിദ്ധി നേടണമെന്നും അഭിപ്രായമുണ്ടായി. സംഗീത കച്ചേരി നടത്തുവാൻ ശ്രീ ചെമ്പൈ വൈദ്യനാഥ ഭാഗവതരെ കൊണ്ടുവരാമെന്ന് ഒരു ഭക്തൻ ആ യോഗത്തിൽ അഭിപ്രായപ്പെട്ടു. അന്ന് തന്നെ ക്ഷേത്രം ഉടമയായ പടിഞ്ഞാറ്റേടത്ത് മനയ്ക്കൽ ശ്രീ വാസുദേവൻ നമ്പൂതിരിപ്പാടിനെ ചെന്നുകണ്ടു വിവരങ്ങൾ പറഞ്ഞു. അദ്ദേഹത്തിൻെറ കണ്ണുകളിൽ നിന്ന് സന്തോഷാശ്രു പൊടിഞ്ഞു. അക്കാലത്ത് തിടമ്പ് മനക്കൽ തന്നെയായിരുന്നു. ഉത്സവ കൊടിയേറ്റത്തിൻെറ തലേ ദിവസം തിടമ്പുമായിവരാമെന്ന് അദ്ദേഹം പറഞ്ഞു. ആറാട്ട് കഴിഞ്ഞേ മനയ്ക്കലേക്ക് തിരിക്കുകയുള്ളുവെന്നും പറഞ്ഞു. മരണം വരെയും അദ്ദേഹം അത് തുടരുകയും ചെയ്തു. അദ്ദേഹത്തിൻെറ മാർഗ്ഗനിർദ്ദേശങ്ങൾകൂടി ആയപ്പോൾ ഉത്സവം കേമമായി കഴിഞ്ഞുവെന്ന് പറയേണ്ടതില്ലല്ലോ! ക്ഷേത്രത്തിലെ




ദിവംഗതനായ ക്ഷേത്രത്തിൻെറ ഊരാളൻ ശ്രീ പടിഞ്ഞാറ്റേടത്ത് ചേറമ്പറ്റ മനക്കൽ 'വാസുദേവൻ നമ്പൂതിരിപ്പാട്

ഉത്സവത്തിൻെറ പള്ളിവേട്ട ദിവസം മേളം അവസാനിച്ച് ഉച്ചക്ക് 12 മണിക്ക് അയ്യന്തോൾ പടിഞ്ഞാറ്റേടത്ത് മനയ്ക്കലേക്ക് ഭഗവാൻെറ തിടമ്പെഴുന്നള്ളിച്ച് ഇന്നും പോകുന്നുണ്ട്. അവിടെ എത്തിചേരുമ്പോൾ 1983വരെ ശ്രീ വാസുദേവൻ നമ്പൂതിരിപ്പാട് ആനയുടെ മുൻ പാദങ്ങൾ രണ്ടുംകഴുകി, ഭഗവാൻെറ മുൻപിൽ, മുറ്റത്ത് നട്ടുച്ചവെയിലിൽ സാഷ്ടാംഗം പ്രണാമമായി നമസ്കരിക്കുന്ന, ഹൃദയംതുറന്ന് സമസ്താപരാധം പറയുന്ന, ആ കാഴ്ച ഞങ്ങൾക്ക് ഓർമ്മയിൽ നിന്നും ഇന്നും മായുന്നില്ല. അദ്ദേഹമായിരുന്നു ഞങ്ങളുടെ മാർഗ്ഗദർശിയും കാരണവരും. ഞങ്ങൾ എന്തുതന്നെ ആഗ്രഹം പറഞ്ഞാലും വേണ്ട എന്നു പറയാതെ എല്ലാം ഭഗവത് നിശ്ചയം എന്നു പറഞ്ഞ് ഞങ്ങളോടൊപ്പം എല്ലാകാര്യങ്ങൾക്കും മുൻ നിരയിൽ നിന്ന അദ്ദേഹത്തെ ഭക്തി ബഹുമാന പുരസ്സരം ഞങ്ങൾ സ്മരിക്കുന്നു.

സീതാറാം ഗ്രൂപ്പിലെ ശ്രീ രാമചന്ദ്രയ്യരുടെ സഹായത്താൽ ശ്രീ ചെമ്പൈ വൈദ്യനാഥഭാഗവതരെ ആദ്യത്തെ വർഷത്തെ ഉത്സവത്തിനു തന്നെ കൊണ്ടുവരുവാൻ സാധിച്ചു. ക്ഷേത്രത്തിൻെറ സ്ഥിതി കണ്ട് ആ ഗുരുവായൂരപ്പ ഭക്തൻെറ ''നന്നായിവരുമെന്ന'' ആശീർവ്വാദം ഞങ്ങൾ ഇന്നും സ്മരിക്കുന്നു. ഉത്സവം ഗംഭീരമായി നാട്ടുകാരുടെ ഉത്സവമായിതന്നെ നടന്നു. കുറച്ചുസംഖ്യ മിച്ചമുണ്ടായി, അതും നാട്ടുകാരുടെ ശ്രമദാനഫലവുമായി ഇടിഞ്ഞുപൊളിഞ്ഞു കിടന്നിരുന്ന കുളം മതിൽ കെട്ടി നന്നാക്കി.

അതിനുശേഷം ഓരോ വർഷത്തിലും കെ.ബി. സുന്ദരാംബാൾ, ശീർകാഴി ഗോവിന്ദരാജൻ, മധുരൈ സോമു, ജയവിജയന്മാർ, നെയ്യാററിൻകര വാസുദേവൻ തുടങ്ങിയവരുടെ സംഗീത മാധുരി കൊണ്ട് നമ്മുടെ ക്ഷേത്രത്തിലെ ഉത്സവം പ്രസിദ്ധിയാർജ്ജിച്ചു.


1972ൽ കൊടുങ്ങല്ലൂർ നാണപ്പൻ എമ്പ്രാന്തിരിയുടേയും ശൂലപാണി വാരിയരുടേയും നേതൃത്വത്തിൽ അഷ്ടമംഗല്യ പ്രശ്നം വച്ച് 1973ൽ നവീകരണ കലശം ഇളക്കി പ്രതിഷ്ഠയോടുകൂടി നടത്തി. അതിനുശേഷം അഷ്ടമംഗല്യപ്രശ്നത്തിൽ വിവരിച്ചപോലെ ക്ഷേത്രത്തിൻെറ പുരോഗതി ദ്രുതഗതിയിലായിരുന്നു. നാട്ടുകാരുടേയും സഹപ്രവർത്തകരുടേയും സേവനവും, സഹായസഹകരണങ്ങൾ കൂടിയും ആയപ്പോൾ ക്ഷേത്രം തൃശൂർ നഗരത്തിലെ പേരെടുത്തുപറയാവുന്ന ആരാധനാലയമായി ഉയർന്നു കഴിഞ്ഞു. 1974ൽ ഗോപാലകൃഷ്ണൻ എന്ന കരിവീരനെ വാങ്ങി. ഇതോടുകൂടി ക്ഷേത്രത്തിൻെറ പേർ പുറത്തേക്കും അറിയപ്പെടാൻ തുടങ്ങി. തുടർന്ന് ഇപ്പോഴത്തെ കല്യാണമണ്ഡപം സ്ഥിതി ചെയ്യുന്ന സ്ഥലം റിട്ടയേർഡ് ജഡ്ജി ശ്രീ പി. കെ. സുബ്രഹ്മണ്യയ്യരുടെ കയ്യിൽ നിന്നും വാങ്ങി. 1974-75ൽ നടപ്പുരപണി പൂർത്തിയാക്കി. 1981ൽ കല്യാണമണ്ഡപത്തിൻെറ ആദ്യത്തെ സറ്റേജ് പണി പൂർത്തിയാക്കി. പതിനൊന്നുവർഷത്തെ പുരോഗതിയുടെ കുതിച്ചുചാട്ടത്തിൽ ദുഃഖകരമായ അനിഷ്ടസംഭവങ്ങളും ഓടിയെത്തി. 1983 സെപ്തംബർ 11ന് ക്ഷേത്രത്തെ പ്രസിദ്ധിയിലേക്കുയർത്തുവാൻ സഹായിച്ച കുട്ടൻകുളങ്ങര ഗോപാലകൃഷ്ണൻ ചെരിഞ്ഞു. പെട്ടെന്ന്




കൊച്ചിദേവസ്വം ബോർഡ് പ്രസിഡൻറ് ശ്രീ. ഏ. മാധവൻ കല്ല്യാണമണ്ഡപം ഉൽഘാടനം നിർവ്വഹിക്കുന്നു.

ഞങ്ങൾക്കേററ കടുത്ത തിരിച്ചടിയിൽ ഞങ്ങൾ ഏവരും തെല്ലൊന്നു സ്തബ്ധരായി. ആത്മവീര്യം വീണ്ടെടുത്ത നാട്ടുകാർ ഒന്നടങ്കം തീരുമാനമെടുത്തു. മുപ്പതുദിവസത്തിനുള്ളിൽ ഗോപാലകൃഷ്ണൻെറ സ്ഥാനം അലങ്കരിക്കുവാൻ നീലകണ്ഠൻ എന്ന കൊമ്പനെ ഞങ്ങൾക്ക് കണ്ടെത്തുവാൻ കഴിഞ്ഞു. പ്രവർത്തനം നിലച്ചില്ല. ഡിസംബർ 18ന് നീലകണ്ഠൻ ആനയെ നടക്കിരുത്തി. അതിനിടയിൽ ഭഗവാൻെറ തിടമ്പ് മനക്കൽ നിന്നും കൊണ്ടുവന്ന് ക്ഷേത്രത്തിൽ സ്ഥിരമായിവച്ച് പൂജിക്കുവാൻ തുടങ്ങി. ഭഗവദ്കൃപകൊണ്ട് 1984ൽ കല്യാണമണ്ഡപത്തിൻെറ രണ്ടും മൂന്നും ഘട്ടം പൂർത്തിയാക്കുവാൻ കഴിഞ്ഞു. 1984ൽ തന്നെ ഞങ്ങളുടെ മാർഗ്ഗദർശിയായിരുന്ന പടിഞ്ഞാറ്റേടത്ത് ചേറമ്പറ്റ് മനക്കൽ വാസുദേവസൻ നമ്പൂതിരിപ്പാട് ദിവംഗതനായി. 1985-ൽ ആദ്യമായി 3 ആനക്കുള്ള ചമയങ്ങൾ മുഴുവനും സ്വന്തമായി നിർമ്മിച്ചു. 1990-ൽ കേരള വനംവകുപ്പിൽ നിന്നും രണ്ടാമതൊരു ആനയെ - രാമദാസ് - കൂടി വാങ്ങി. വീണ്ടും ദുർവിധി ഞങ്ങളെ പിന്തുടർന്നു. ക്ഷേത്രത്തിനായ് സഹകരിച്ച് മുമ്പന്തിയിൽ പ്രവർത്തിച്ച ആത്മസുഹൃത്തുക്കൾ അകാലത്തിൽ ഞങ്ങളെ വിട്ടുപിരിഞ്ഞു. 1991 സെപ്തംബർ 30ന് പേരും പ്രസിദ്ധിയുമായുള്ള കുതിപ്പിനിടയിൽ ഞങ്ങളുടെ സർവ്വസ്വവുമായിരുന്ന കുട്ടൻകുളങ്ങര നീലകണ്ഠൻ ചരിഞ്ഞു. കനത്ത ദുഃഖവും നിരാശയും എല്ലാവരേയും തളർത്തി. വിധിയെന്നോർത്ത് സമാധാനിക്കുവാൻ കരുത്ത് നൽകുവാൻ ഭഗവാനോട് പ്രാർത്ഥിച്ചു. 1992 മാർച്ച് 23ന് തമിഴ്നാട് വനംവകുപ്പിൽ നിന്നു ശ്രീനിവാസൻ എന്ന കുട്ടികൊമ്പനെ വാങ്ങിക്കുവാൻ സാധിച്ചു. 1993 ആഗസ്റ്റ് 8-ാം തിയ്യതി കേരള വനംവകുപ്പിൽ പ്രസിദ്ധിയാർജിച്ച കോടനാട് രവിയെന്ന കരിവീരൻ കുട്ടൻകുളങ്ങര പത്മനാഭനായി മാറി.

ക്ഷേത്രത്തിൻെറ ചുരുങ്ങിയ നാളുകൾ കൊണ്ടുണ്ടായ പുരോഗതി നമുക്കേവർക്കും അത്ഭുതമുളവാക്കുന്നതാണ്. ചെറിയതോതിൽ എന്തെങ്കിലും ചെയ്യുവാൻ പുറപ്പെട്ടാൽ അത് വളരെ വിപുലമായേ പര്യവസാനിക്കുകയുള്ളു. അതിൻെറ ഉത്തമോദാഹരണമാണ് ഇപ്പോൾ നടക്കുന്ന ശ്രീകോവിലിൻെറ പുനരുദ്ധാരണം. ഓട് മാറ്റി ചെമ്പ് തകിട് അടിക്കുക മാത്രമെ ഉദ്ദേശിച്ചിരുന്നുള്ളു. എന്നാൽ പിന്നീട് അത് രണ്ടുനിലയാക്കി മനോഹരമായി ഉയർത്തുവാനും ചെമ്പ് തകിട് അടിക്കുവാനും, താഴികക്കുടം സ്വർണ്ണം പൊതിയുവാനും കഴിഞ്ഞു. കൂടാതെ മുഖമണ്ഡപം കൂടി ഇതോടുകൂടി പുതുക്കി പണി ചെയ്ത് ചെമ്പ്തകിട് അടിക്കുവാൻ കഴിഞ്ഞുവെന്നത് എടുത്തു പറയേണ്ടതാണ്. ഭക്ത ജനങ്ങളുടെ ചിരകാലാഭിലാഷമായിരുന്ന സ്വർണ്ണകിരീടം പണിപൂർത്തിയാക്കി. ദൈവകടാക്ഷം എന്നല്ലാതെ ഞങ്ങൾക്ക് മറ്റൊന്നും പറയുവാനില്ല. ക്ഷേത്രതട്ടകത്തുള്ളവർ തങ്ങളുടെ കഴിവിനേക്കാൾ ഉപരി ഈ സംരംഭത്തിന് ഞങ്ങളോടൊത്ത് സഹകരിച്ചിട്ടുണ്ട്. ഭഗവാൻെറ ഗർഭഗൃഹം പുനരുദ്ധരിക്കുവാൻ പങ്കാളികളാകുകയെന്ന, ചുരുക്കം ചില സന്ദർഭങ്ങളിൽ കൈവരുന്ന ഈ മഹാഭാഗ്യം ധന്യമാക്കി തീർക്കുവാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് അതീവ ചാരിതാർത്ഥ്യ



ആദ്യമായി തൃശൂരിൽ 'ശീർകാഴി ഗോവിന്ദരാജൻ' ക്ഷേത്രോത്സവത്തിന് സംഗീതകച്ചേരിക്ക് എത്തിയപ്പോൾ



കാച്ചാംകുറിച്ചിക്ഷേത്രത്തിലെ ഉത്സവവേളയിലെ ദൃശ്യം നടുവിൽ പടിഞ്ഞാറ്റേടത്ത് മനക്കൽ വാസുദേവൻ നമ്പൂതിരിപ്പാടും, കൊല്ലങ്കോട് രാജാവും



'ഉത്സവകാലങ്ങളിലെ ആസ്വാദകസദസ്സ്'

മുണ്ട്. ഒരുക്ഷേത്രം പ്രസിദ്ധിയിലേക്കുയരുമ്പോൾ ആ പരിസരവും വിശ്വാസികളും പുരോഗതി പ്രാപിക്കുമെന്ന വിശ്വാസം എത്രയോ യഥാർത്ഥമാണെന്നതിന് ഈ ക്ഷേത്രപരിസരം ഒരു ഉദാഹരണം മാത്രമാണ്.

സന്താനഗോപാലമൂർത്തിയായ സാക്ഷാൽ വൈകുണ്ഠവാസനായ ശ്രീ മഹാവിഷ്ണുവാണ് ഇവിടത്തെ പ്രതിഷ്ഠ. സന്താനാരിഷ്ടനിവാരണത്തിനും, സന്താനലബ്ധിക്കും പ്രത്യേക വഴിപാടുകൾ ഭക്തജനങ്ങൾ നടത്തിവരുന്നു.

ഈ വഷത്തെ ഉത്സവം ജനുവരി 24-ാംതിയ്യതി കൊടിയേറി 31-ാംതീയതി ആറാട്ടോടുകൂടി സമാപിക്കുന്നു. 19-ാം തീയതി മുതൽ ദ്രവ്യകലശം ആരംഭിച്ച് 24-ാം തീയതി ബ്രഹ്മകലശം ആടുന്നു. ഭഗവത് ചൈതന്യം, ഭഗവത് സാന്നിധ്യം എന്നിവക്കു പുറമെ ഒത്തൊരുമിച്ചു പ്രവർത്തനശൈലി ഭക്തജനങ്ങളുടെ ആത്മാർത്ഥമായ സഹായ സഹകരണം മുതലായവ ഒത്തുചേർന്നാൽ ഒരു ക്ഷേത്രത്തിൻെറ ഉന്നതിക്ക് മറ്റൊന്നും ആവശ്യമില്ലല്ലോ. അതുകൊണ്ടാണ് ഒന്നുമില്ലായ്മയിൽ നിന്ന് കുട്ടൻകുളങ്ങര ശ്രീ മഹാവിഷ്ണു ക്ഷേത്രം ഇന്നത്തെ നിലയിൽ എത്തിചേർന്നത്. സൗകര്യങ്ങളെല്ലാമടങ്ങിയ ഒരു കല്യാണ മണ്ഡപം, നടപ്പുര, മൂന്നു ഗജവീരന്മാർ, 15 സെറ്റ് ആന ചമയങ്ങളും 100 കുടകളും എന്നിവ ഇന്ന് ക്ഷേത്രത്തിൻെറ മുതൽ കൂട്ടാണ്. 25 വഷത്തെ കഠിന പ്രയത്നത്തിൻെറയും, ഭഗവത് കൃപയുടെയും ഫലം.

വൈകുണ്ഠവാസനോട് നമ്രശിരസ്കാനായി കൈകൂപ്പുന്നു. ഉദാരമതികളായ ഭക്തജനങ്ങളെ നന്ദിപൂർവ്വം സ്മരിച്ചുകൊള്ളുന്നു